പേർക്ക് ഒ.പി. വിഭാഗത്തിലും 150 പേർക്ക് ഐ.പി. വിഭാഗത്തിലും ചികിൽസ നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അത്യാവശ്യ മരുന്നുകൾ ഈ ആശുപത്രിയിൽ സ്റ്റോക്കുണ്ട്. 200 കിടക്കകളുള്ള സൗകര്യത്തോടുകൂടിയ പുതിയ കെട്ടിടം കാസർകോഡ് ജില്ലാ ആശുപത്രിക്കായി ഇപ്പോൾ പണിതു കൊണ്ടിരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ പണി താമസിയാതെ പൂർത്തീകരിച്ചു കഴിഞ്ഞാൽ ആശുപത്രി ആ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

ശ്രീ. എം. കുമാരൻ : സർ, എന്റെ ചോദ്യം ഈ പുതിയ കെട്ടിടത്തിലേക്ക് ജില്ലാ ആശുപത്രി മാറ്റുന്ന സമയത്ത് ഇന്ന് നിലവിലുള്ള ആശുപത്രി കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയാക്കി മാറ്റുമോ എന്നുള്ളതാണ്. മറ്റൊന്ന്, പോസ്റ്റ് ക്രിയേഷൻ നടത്തി നിയമനം നൽകുമോ എന്നതാണ്.

ശ്രീ. പി. ശങ്കരൻ : ഈ കാര്യം ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച ശേഷമേ തീരുമാനിക്കുവാനാകൂ.

(2) പെരിയാറിൽനിന്നും മണൽ വാരുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം

ശ്രീ. ടി. എച്ച്. മുസ്തഫ : സർ , പെരിയാറിലേയും മറ്റു നദികളിലേയും അനധികൃത മണൽവാരലിനെക്കുറിച്ച് എന്റെ മൂന്നാമത്തെ കാളിംഗ് അറ്റൻഷനാണ് ഇത്. ആദ്യത്തേത് മുഖ്യമന്ത്രിക്കാണ് കൊടുത്തത്. ജലസേചന വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. അദ്ദേഹത്തിനാണ് അതിന്റെ ചുമതല എന്നു വിചാരിച്ച് രണ്ടാമത് അദ്ദേഹത്തിനാണ് കൊടുത്തത്. അപ്പോഴാണ് എനിക്ക് മനസ്സിലായത് നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവുമെന്ന ബിൽ 2001-ൽ പാസ്സാക്കിയത് റവന്യൂ വകുപ്പാണ് അതുകൊണ്ട് മണൽവാരൽ സംബന്ധിച്ച മുഴുവൻചുമതലയും റിക്കാർഡുകളും റവന്യൂ വകുപ്പിലാണ് എന്ന്.

മി. സ്പീക്കർ : ഇൻട്രൊഡക്ഷനുതന്നെ ഇത്രയും സമയമായി.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, അങ്ങനെ എന്റെ രണ്ട് കാളിംഗ് അറ്റൻഷൻ വെറുതെയായി. അങ്ങനെയാണ് മൂന്നാമതും തരാൻ ഇടയായത്. ആരു ഈ വകുപ്പ് കൈകാര്യം ചെയ്താലും കുഴപ്പമില്ല, നദി ആരു സംരക്ഷിച്ചാലും കുഴപ്പമില്ല, 'നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം' എന്ന് പേരു കൊടുത്തിട്ടുണ്ട്. നദീതീരം നശിപ്പിക്കലും മണൽ നിർബാധം വാരാനുമാണ് ആ നിയമം നടപ്പാക്കുന്നവർ ഇന്ന് അനുവദിക്കുന്നത്. അങ്ങ് ആലുവാ പാലസിൽ താമസിച്ചപ്പോൾ അവിടത്തെ സ്ഥിതി കണ്ടതാണ്. ഇവിടത്തെ മന്ത്രിമാരൊക്കെ കണ്ടിട്ടുള്ളതാണ്. പെരിയാർ നദി പൂർണ്ണമായും നശിച്ചുകഴിഞ്ഞു. അവിടെ മണൽ വാരുന്നതിന് യാതൊരു കൈയും കണക്കുമില്ല. കുറേ അധികൃതമായും കുറേ അനധികൃതമായും വാരുവാൻ ബന്ധപ്പെട്ടവർ അനുവാദം നൽകുന്നു. അനധികൃതമായി രാവും പകലും മണൽ വാരുന്നു. ആരും ഇതിനെതിരെ നടപടി എടുക്കാറില്ല. പോലീസ് പറയുന്നത് കടവ് കമ്മിറ്റിക്കാരോ ജില്ലാ വിദഗ്ദ്ധ സമിതിയോ ആവശ്യപ്പെട്ടാലേ ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ പോകാവൂ എന്നാണ് തന്നിട്ടുള്ള നിർദ്ദേശം, അതുകൊണ്ട് ഞങ്ങൾ കടവിലേക്ക് പോകില്ല എന്നാണ്. ആ പോലീസുതന്നെ സംരക്ഷണം കൊടുത്ത് രാപ്പകൽ ഇല്ലാതെ അനധികൃതമായി മണൽ വാരിക്കുന്നു. അവിടെ ഒരു കളക്ടറുണ്ട്. അദ്ദേഹത്തിന് മണൽ കച്ചവടമാണ്. വിദഗ്ദ്ധ സമിതിയിൽ വിദഗ്ദ്ധരാരുമില്ല. ഒരു വിദഗ്ദ്ധനും അതിൽ ഇല്ല. വേറെ ആരെയൊക്കയോ നോമിനേറ്റ് ചെയ്ത് വച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ നോമിനിയായി ഒരു പഞ്ചായത്ത് പ്രസിഡന്റ്, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ നോമിനിയായി ഒരു ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഇവർ രണ്ടുപേരുംകൂടി നടന്നാണ് മണൽ കച്ചവടം നടത്തുന്നത്. വിദഗ്ദ്ധ സമിതി കൂടിയാൽ കളക്ടറെ ചുമതലപ്പെടുത്തും. കളക്ടറും ഈ രണ്ടുപേരും കൂടി ചേർന്ന് മണൽവാരാൻ അനുമതികൊടുക്കും. പഞ്ചായത്തിനെ രക്ഷിക്കുവാനാണ് മണൽ വാരുന്നതെന്നു പറയുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്ന കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വാരക്കുളം പഞ്ചായത്തിലെ കണക്ക്, നാലു കടവ് 23-11-2002-ൽ 3412 ലോഡ് അനുവദിച്ചിട്ടുണ്ട് എന്നാണ്. 17-3-2003-വരെ 2340 ലോഡിന്റെ കാശ് മാത്രമാണ് പഞ്ചായത്തിന് കിട്ടിയിട്ടുള്ളൂ. 1072 ലോഡ് കുറവാണ്. 5,36,000 രൂപ പഞ്ചായത്തിന് നഷ്ടമായി. അവിടെ എത്രയോ ലോഡ് അനധികൃതമായി കയറ്റി അയച്ചു. അതൊന്നും കണക്കിൽ ഇല്ല. കണക്കില്ലാതെ എല്ലാപേരുംകൂടി മണൽ വാരുകയാണ്. 18-3-2003-ൽ ഏഴ് കടവ് അനുവദിച്ചു. 18-3-2003 മുതൽ 31-3-2003 വരെ 13 ദിവസം കയറ്റാൻ അനുവദിച്ചത് 900 ലോഡ്. കയറ്റിയത് 804 ലോഡ്. 98 ലോഡ് കുറവ്. 50,000 രൂപ നഷ്ടം. 1-4-2003-ൽ 9 കടവ് അനുവദിച്ചു. 16-5-2003 വരെ മണൽ വാരാൻ അനുവദിച്ചത് 2475 ലോഡ്. കയറ്റിയത് 2103 ലോഡ്. കുറവ് 372 ലോഡ്. 1,86,000 രൂപ പഞ്ചായത്തിന് നഷ്ടം. ഇവിടെ ഒരു കടവ് അനധികൃതമായി അനുവദിച്ചതിനെതിരെ ഞാൻ മന്ത്രിക്ക് പരാതി കൊടുത്തു. ഇപ്പോൾ ആ കടവ് ക്യാൻസൽ ചെയ്തു. 18 ലോഡാണ് പറഞ്ഞിരുന്നത്. അതിനു പകരമായി സെസ് നിരോധിച്ചിരുന്ന മൂന്നു കടവുകൾ അനുവദിക്കുകയും ഇതിനുപുറമേ 48 ലോഡ് മണൽ വാരുകയും ചെയ്തു.

ഇതിനുപുറമേ ഒരു കടവിൽ 18 ലോഡ് ക്യാൻസൽ ചെയ്തതിന് പകരമായി 3 കടവ് അനുവദിക്കുകയും 48 ലോഡ് മണൽ വാരാൻ അനുവദിക്കുകയും ചെയ്തു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പരാതി പറഞ്ഞു. മന്ത്രി എന്റെ സാന്നിദ്ധ്യത്തിൽ കളക്ടറെ വിളിച്ചുപറഞ്ഞു. ഞാൻ പരാതി കൊടുക്കാമെന്ന് പറഞ്ഞു. ഞാൻ മന്ത്രിയോട് പറഞ്ഞതനുസരിച്ച് ഞാൻ തന്നെ പരാതി എഴുതിക്കൊടുത്തു. പഞ്ചായത്തിലെ നാല് UDF മെമ്പർമാരും പരാതി കൊടുത്തു ഇതുവരെ ആ കടവ് ആരും ക്യാൻസൽ ചെയ്തിട്ടില്ല. അനധികൃതമായി, നിയമവിരുദ്ധമായി, കടവുകൾ അനുവദിക്കുകയും പദ്ധതിപ്രദേശങ്ങളിൽ നിന്ന് മണൽ വാരുകയും ചെയ്യുന്നു. ലിഫ്റ്റ് ഇറിഗേഷന്റേയും കുടിവെള്ള പമ്പിംഗ് സ്റ്റേഷന്റേയും 500 മീറ്റർ ദൂരെ നിന്നു മാത്രമേ മണൽ വാരാൻ അനുവദിക്കാവൂ. അക്കാര്യം, അനുവദിച്ച കടവുകളിലെ പഞ്ചായത്ത് മെമ്പർമാരും ജനപ്രതിനിധിയായ ഞാനുമൊക്കെ പരാതി കൊടുത്തതിന്റെ ഫലമായി 34 കടവുകൾ അവിടെ അന്വേഷിച്ച് ദൂരപരിധി

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തി. ദൂരപരിധി വച്ച് 34 കടവുകൾ ക്യാൻസൽ ചെയ്തു. അതിന്റെ രേഖ എന്റെ കയ്യിലുണ്ട്. ഓരോ കടവിന്റേയും ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. ആ കടവുകൾ വീണ്ടും ഇപ്പോൾ അനുവദിച്ചു. ദൂരപരിധി പറഞ്ഞ കടവുകൾ ഇപ്പോൾ വീണ്ടും പേരു മാറ്റി അനുവദിച്ചു. എന്റെ വീടിനു മുന്നിൽ നേരത്തേ നിരോധിച്ചത് തോട്ടത്തിൽക്കടവ്, ആ കടവു തന്നെ അതേ ഉടമസ്ഥന്റെ പേരിൽ അതേ സർവ്വേ നമ്പരിൽ അതേ ഭൂമിയിൽ കടവു മാറ്റി പാറക്കടവ് എന്നാക്കി മാറ്റി.

മി. സ്പീക്കർ : അതിനൊക്കെ സ്ട്രോംഗ് ആക്ഷൻ എടുക്കണ്ടേ ?

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, അതിന്റെ പേരു മാറ്റി പതിയാട്ട് കടവ് എന്നാക്കി. കോട്ടപുറത്ത്കടവ് എന്നുള്ളതിന്റെ പേര് മാറ്റി പൊറോകോട്ട കടവ് എന്നാക്കി. തോട്ടപാടത്ത് കടവിന്റെ പേരു മാറ്റി പള്ളിത്താഴത്തുകടവ് എന്നാക്കി. കണ്ടായത്തു കടവ് എന്ന പേരു മാറ്റി തുരുത്തിക്കടവ് എന്നാക്കി. 34 കടവുകൾ ദൂരപരിധി വച്ച് നിരോധിച്ചവ പേരു മാറ്റി. 27 എണ്ണം പുതുതായി അനുവദിച്ചു. ഞാൻ ഈ വിഷയം കാളിംഗ് അറ്റൻഷനു കൊടുത്തപ്പോൾ ഇന്നലെ മുതൽ എല്ലാ കടവും 15 ദിവസത്തേയ്ക്ക് ക്യാൻസൽ ചെയ്തു. മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. ശ്രീ ശങ്കരാ ബ്രിഡ്ജ് അങ്ങുൾപ്പെടെയുള്ളവർ പോയി നോക്കണം. അതിന്റെ വെൽ മുകളിൽ വന്ന് നിൽക്കുകയാണ്. മണൽ മുഴുവൻ വാരിക്കൊണ്ടുപോയി. മാർത്താണ്ഡവർമ്മ പാലത്തിന്റെ അടിയിലെ മണ്ണു മുഴുവൻ വാരിക്കൊണ്ടുപോയി. ഈ സ്ഥലങ്ങളിലൊക്കെ നിരോധനം ഉള്ളതാണ്. പിറവവും കുന്നത്തുനാടും തമ്മിൽ ബന്ധിപ്പിക്കുന്ന രാമമംഗലം പാലം നാലടി വെൽ മുകളിൽ വന്നിരിക്കുന്നു. അതിന്റെ താഴ്ച എത്രയാണെന്ന് അറിയില്ല. പാലങ്ങളെല്ലാം നശിക്കുന്നു. കുടിവെള്ളം പമ്പ് ചെയ്യാതെ വരുന്നു. 115 ലിഫ്റ്റ് ഇറിഗേഷൻ അവിടെയുണ്ട്. ഒരെണ്ണംപോലും വർക്ക് ചെയ്യാൻ കഴിയാതെ വന്നിരിക്കുന്നു. അവിടെ മണൽ ഇല്ല. മുല്ലപ്പെരിയാർ, ഇടുക്കി, ലോവർ പെരിയാർ, ഇടമലയാർ, ഭൂതത്താൻകെട്ട് തുടങ്ങിയ അണക്കെട്ട് വന്നപ്പോൾ മലയിൽ മഴ പെയ്ത് ഉരുൾ പൊട്ടി കല്ലുരുണ്ട് പൊടിഞ്ഞ് മണൽ പുഴയിലേക്ക് വരുന്നില്ല. ഉപകരണങ്ങളുമുപയോഗിച്ച് മണൽ വാരാൻ പാടില്ലെന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ തോട്ടിയും, ബോട്ടുപോലുള്ള മറ്റുപകരണങ്ങളും ഉപയോഗിച്ചാണ് മണൽ വാരുന്നത്. മണൽ വാരി നദിയുടെ അടിത്തട്ടാകെ താഴ്ന്ന് വലിയ കയങ്ങളായി മാറിയിരിക്കുകയാണ്. നമ്മുടെ ആരാധ്യനായ ശാശ്വതീകാനന്ദസ്വാമി കുളിക്കാനിറങ്ങി മരിച്ചതാണ്. ഇറങ്ങുന്നവരാരും കയറിവരുന്നില്ല. കാരണം കയം എവിടെയൊക്കയാണെന്ന് അറിയില്ല. മണൽ വാരി പുഴയുടെ അടിത്തട്ട് താഴ്ന്നതുമൂലം പരിസര പ്രദേശങ്ങളിലെ കിണറുകളിലൊന്നും വെള്ളമില്ല. കടലിൽ നിന്ന് ഉപ്പുവെള്ളം കയറിവരുന്നു. ഉപ്പുവെള്ളം നദിയുടെ പകുതിക്കെത്തി. ഉപ്പുവെള്ളം കയറി വരുന്നതു കൊണ്ട് വേറൊരു ദൂഷ്യവുമുണ്ട്. ഉദ്യോഗമണ്ഡൽ, ഏലൂർ, ഇടയാർ മേഖലയിലുള്ള വൻകിട വ്യവസായങ്ങൾ പുറംതള്ളുന്ന വിഷലിപ്തമായ മലിനവസ്തുക്കളും മലിനജലവും കൂടി കയറി വരുകയാണ്. ഈ വെള്ളമാണ് അവിടെയുള്ള 12 അസംബ്ളി നിയോജകമ്ണ്ഡലങ്ങിലെ ജനങ്ങൾക്ക് കുടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പമ്പു ചെയ്തു കൊടുക്കുന്നത്. മാരകമായ വിഷമാണെന്നുള്ളതിനെക്കുറിച്ച് സർവ്വേ നടത്തി റിപ്പോർട്ട് വന്നിട്ടുണ്ട്. പിറവവും മൂവാറ്റുപുഴയുമൊഴികെ 14 അസംബ്ളി നിയോജകമണ്ഡലങ്ങളുള്ളതിൽ 12 എണ്ണത്തിലും വെള്ളം കൊടുക്കുന്നത് അതിൽ നിന്നാണ്. 9 അസംബ്ളി നിയോജകമണ്ഡലങ്ങളിലെ കൃഷിയിടങ്ങൾ നനയ്ക്കാനുള്ള വെള്ളം കൊടുക്കുന്നത് അതിൽ നിന്നാണ്. 6 നിയോജകമണ്ഡലത്തിലുള്ളവർ കുളിക്കാൻ ഉപയോഗിക്കുന്നതും ആ വെള്ളമാണ്. ഇതിന്റെ പരിസരത്തുള്ള 12 നിയോജകമണ്ഡലങ്ങളിലെ കിണറുകളിൽ വെള്ളമുള്ളത് പെരിയാറിൽ വെള്ളമുള്ളതുകൊണ്ടാണ്. മണൽ വാരി നദി നശിപ്പിച്ചതിന്റെ ഉത്തരവാദികളെ കണ്ടെത്തണം. ഇന്നലെ വരെ അധികൃതമായി അനുവാദം നൽകി അനധികൃതമായി മണൽ വാരിച്ചത് ആരാണ്? മണൽ ഇല്ലാതിരുന്നിട്ടും ഇല്ലാത്ത മണൽ വാരാൻ അനുവാദം കൊടുത്തു. മണൽ ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കാൻ ആരുമില്ല. എത്ര മണൽ വാരാമെന്നു പരിശോധിക്കാൻ ആരുമില്ല. വെള്ളത്തിന്റെ സ്ഥിതി പരിശോധിക്കാൻ ആരുമില്ല. നദിയുടെ സ്ഥിതി പരിശോധിക്കാൻ ആളില്ല. ഒരു പരിശോധനയുമില്ലാതെ വിദഗ്ദ്ധൻമാരില്ലാത്ത വിദഗ്ദ്ധസമിതി തോന്നിയമാതിരി കടവ് അനുവദിച്ചു നടത്തുന്ന. അഴിമതിയെക്കുറിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കണം. ഇന്നലെ വരെനടന്ന മുഴുവൻ സംഭവങ്ങളും വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കണം. സെസ് പോലുള്ള, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റു പോലുള്ള ഡിപ്പാർട്ടുമെന്റുകളെക്കൊണ്ട് പരിശോധിപ്പിച്ച് മണൽ ഉണ്ടോയെന്ന് ബോധ്യപ്പെട്ട് എത്ര മണൽ വാരാമെന്ന് കണക്കാക്കി മാത്രമേ മണൽ വാരാൻ അനുവദിക്കാവൂ. അതുവരെ മണൽവാരൽ നിർത്തിവയ്ക്കണം. വിദഗ്ദ്ധസമിതികൾ പരിശോധിക്കണം. രാഷ്ട്രീയക്കാരനായ എനിക്ക് വിദഗ്ദ്ധതയില്ല. രാഷ്ട്രീയക്കാരെ വച്ചാൽ വിദഗ്ദ്ധസമിതി ആകുകയില്ല. അതുകൊണ്ട് വിദഗ്ദ്ധൻമാരെ വയ്ക്കണം. ശാസ്ത്രജ്ഞന്മാരെ, ഇതിനെക്കുറിച്ച് പഠിച്ചവരെ വയ്ക്കണം. വിദഗ്ദ്ധൻമാരെ വച്ച് പരിശോധിച്ചശേഷം പെരിയാറിൽ മണൽ വാരാനുണ്ടെങ്കിൽ മാത്രമേ വാരിക്കാവൂ. കൂടാതെ അവിടത്തെ മലിനപ്പെടുത്തിയ ജലം ശുദ്ധീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ആ ജലം കുടിക്കാനും കുളിക്കാനും നനയ്ക്കാനും, ഉപയോഗിച്ചിരുന്നതുപോലെ ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. ഇടിഞ്ഞുതകർന്ന നദിയെ കെട്ടി സംരക്ഷിച്ച് സുരക്ഷിതമാക്കണം.....

മി. സ്പീക്കർ : പ്ളീസ്, പ്ളീസ്.....

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, റിവർ മാനേജ്മെന്റ് ഫണ്ട് എന്നു പറഞ്ഞ് കളക്ടർ സ്വരൂപിക്കുന്ന ഒരു ഫണ്ടുണ്ട്. ഇന്നുവരെ പത്തു പൈസ അതിൽ നിന്ന് ചെലവുചെയ്ത് അനധികൃത മണൽവാരൽ, മണൽ മാഫിയയെ, മണൽക്കൊള്ളയെ നിയന്ത്രിക്കാൻ, ഒരു ബോട്ടിൽ ഡീസൽ അടിക്കാൻപോലും പത്തു പൈസ അതിൽ നിന്ന് കളക്ടർ കൊടുത്തിട്ടില്ല. നദി സംരക്ഷിക്കാൻ, നദീതീരം സംരക്ഷിക്കാൻ പത്തു പൈസ ഇതുവരെ ചെലവു ചെയ്തിട്ടില്ല. നദീതീരം സംരക്ഷിക്കാൻ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് പണം

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കണം. അനധികൃതമണൽ വാരൽ തടയാൻ, മണൽ മാഫിയയെ നിയന്ത്രിക്കാൻ മണൽക്കൊള്ള ഇല്ലാതാക്കാൻ നദീതീര സംരക്ഷണ ഫണ്ടിൽ നിന്ന് പണം ചെലവഴിക്കണം. അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. നദീതീര സംരക്ഷണത്തിനും മണൽ വാരൽ നിയന്ത്രണത്തിനും റവന്യൂ ഡിപ്പാർട്ടുമെന്റ്, പോലീസ്, ഇറിഗേഷൻ, ജിയോളജി എന്നീ 4 വകുപ്പുകളാണുള്ളത്. അവയെ സംയോജിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗൗരവമായ ഈ അവസ്ഥയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മുസ്തഫ ഇവിടെ പ്രസംഗത്തിൽ ഉന്നയിച്ച വിവരങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും ആ വിവരങ്ങൾ പരിശോധിച്ചിട്ട് എന്തെങ്കിലും പിശകുണ്ടെങ്കിൽ അതിന് പരിഹാരം ഉണ്ടാക്കാം. പക്ഷേ അദ്ദേഹം തന്ന ശ്രദ്ധക്ഷണിക്കൽ നോട്ടീസിനകത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ചു. അതിൽ എനിക്കു കിട്ടിയ വിവരങ്ങൾ അനുസരിച്ച് ചില കാര്യങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട മുസ്തഫ ഇവിടെ പറഞ്ഞ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയ്ക്ക് യാതൊരു കാര്യവുമില്ല. പാലങ്ങളുടെയോ ഇറിഗേഷൻ പ്രോജക്ടുകളുടെയോ 500 മീറ്ററിനുള്ളിൽ മണൽ വാരാൻ പാടില്ലായെന്നുള്ളത് നിയമമാണ്. അത് കർശനമായി പാലിക്കപ്പെട്ടുന്നുണ്ട്. അതു പാലിക്കപ്പെടുന്നില്ലെങ്കിൽ വളരെ ഗുരുതരമായ തെറ്റാണ്....

മി. സ്പീക്കർ : അത് പാലിക്കുന്നില്ലായെന്നുള്ള കാര്യം സത്യമാണ്.

ശ്രീ. കെ. എം. മാണി : സർ, 500 മീറ്ററിനകത്ത് ഏതെങ്കിലുമൊരു കടവ് പ്രവർത്തിക്കുന്നു എന്ന് കോൺക്രീറ്റായിട്ട് പറയുകയാണെങ്കിൽ ഇന്നു തന്നെ അതിൻമേൽ നടപടി എടുക്കും. കള്ള മണൽ വാരുന്നുണ്ടാകാം. നമ്മുടെ നദികളിൽ നിന്ന് കള്ളമണൽ വാരുന്നുണ്ട്. അതിൻമേൽ നടപടി ഉണ്ട്. 500 മീറ്ററിനകത്ത് കടവുകൾ ഇല്ല. കടവുകൾ നിശ്ചയിക്കുന്നത് ജില്ലാ വിദഗ്ദ്ധ സമിതിയാണ്. കടവു കമ്മിറ്റികൾ നിശ്ചയിക്കുന്നത് ഡിസ്ട്രിക്റ്റ് കളക്ടറാണ്. കുടിവെള്ളം മുടങ്ങി, ലിഫ്റ്റ് ഇറിഗേഷൻ മുടങ്ങി എന്നൊക്കെ ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അതിനെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട കളക്ടറുമായി സംസാരിച്ചു. ഈ വിദഗ്ദ്ധ സമിതിയിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുണ്ട്, അവിടെയുള്ള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുണ്ട്. അവിടെ ഏതെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ മണൽ വാരുന്നതിന്റെ ഫലമായി മുടങ്ങിപ്പോയിരിക്കുന്നു, കുടിവെള്ളം മുടങ്ങിപ്പോയിരിക്കുന്നു എന്നുള്ള യാതൊരു പരാതിയും വന്നിട്ടില്ല. അങ്ങനെ ഒരു ചർച്ചയും അവിടെ നടന്നിട്ടില്ല. അവിടെ കുടിവെള്ളമൊന്നും മുടങ്ങിയിട്ടില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് മണൽ വാരുന്നതുകൊണ്ട് കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

മുടങ്ങിപ്പോയി എന്നു പറയുന്നത് ശരിയല്ല. അതുപോലെതന്നെ 66 കടവുകളാണ് ആദ്യമുണ്ടായിരുന്നത്. ഇപ്പോൾ നിയമപരമായി 51 കടവുകളാണ് ആകെയുള്ളത്. അനധികൃതമായി പ്രവർത്തിച്ച 34 കടവുകൾ അടച്ചുപൂട്ടി, അത് ശ്രീ. ടി.എച്ച്. മുസ്തഫതന്നെ ഇവിടെ സമ്മതിക്കുന്നുണ്ട്. അനധികൃതമായി പ്രവർത്തിച്ച മുഴുവൻ കടവുകളും അടച്ചുപൂട്ടാൻ ഗവൺമെന്റു നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും അതിനുവേണ്ടിയുള്ള ഒരു തെരച്ചിൽ നടത്തുകയും അതിന്റെ ഫലമായി എറണാകുളം ജില്ലയിൽ 34 കടവുകൾ അടച്ചുപൂട്ടുകയും ചെയ്തു. ആദ്യം പ്രതിദിനം 618 ലോഡ് മണലാണ് പോയിക്കൊണ്ടിരുന്നത്. കഴിഞ്ഞ കൊല്ലം 'സെസ്സി'ന്റെയൊക്കെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 481 ലോഡ് മണലാണ് പോയത്. 30% കാണ്ടിറ്റി കുറച്ചാണ് കഴിഞ്ഞ വർഷം നിശ്ചയിച്ചിട്ടുള്ളത്. 2000-2001-നേക്കാൾ 2001-2002-ൽ 30% കുറച്ച് മണലാണ് കൊണ്ടുപോകാൻ നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം 36 കേസുകൾ എടുക്കുകയുണ്ടായി. 525 മെട്രിക് ടൺ ഇല്ലിസിറ്റ് മണലാണെന്നുകണ്ട് 10 ലക്ഷം രൂപ ഇതിന്മേൽ പിഴ ഇടുകയുണ്ടായി. അവിടെ ബോട്ടിലും ജീപ്പിലും രണ്ട് സ്കാഡുകൾ സ്ഥിരമായി പട്രോളിംഗ് നടത്തുന്നുണ്ട്. ജൂൺ 30 മുതൽ ഹൈക്കോടതി നിർദ്ദേശമനുസരിച്ച് മണൽ വാരൽ നിരോധിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഏലൂരിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഏലൂർ, ഉദ്യോഗമണ്ഡൽ, ഇടയാർ എന്നീ മേഖലകളിൽ, അതായത് ആലുവ പാലസിനു താഴെ യാതൊരു കടവും പ്രവർത്തിക്കാൻ പാടില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. യാതൊരു കടവുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ച് ഒരു ആങ്സൈറ്റിയുടെ കാര്യമില്ല. ഇവിടെ പറഞ്ഞത് ഒരു കടവു നിരോധിച്ചു, പിന്നെ കൊടുത്തു എന്നാണ്. കേൾക്കുമ്പോൾ ഇതെന്താണെന്നു തോന്നും. അങ്ങനെയല്ല. ഇതിനകത്തുണ്ടായ സംഭവമെന്നു പറയുന്നത് പെരിയാറിനെ സംബന്ധിച്ചിടത്തോളം ഒരു ട്രാൻസ്പോർട്ടിംഗ് പോയിന്റുണ്ടായിരുന്നു. ട്രാൻസ്പോർട്ടിംഗ് പോയിന്റും മണലെടുക്കുന്ന പോയിന്റും രണ്ടും രണ്ടാണ്. ലോറി കൊണ്ടുവരുന്ന വഴി സൗകര്യത്തിന് ട്രാൻസ്പോർട്ടിംഗ് പോയിന്റു വയ്ക്കും. എന്നാൽ കടവു പോയിന്റ് വേറെയായിരിക്കും. അപ്പോൾ ട്രാൻസ്പോർട്ടിംഗ് പോയിന്റ് മിക്കവാറും പാലത്തിൽ നിന്നും 500 മീറ്ററിന് പുറത്തായിരുന്നില്ല. അതുകൊണ്ട് ട്രാൻസ്പോർട്ടിംഗ് പോയിന്റ്, മണൽ ലോറിയിൽ കയറ്റുന്ന പോയിന്റ് 500 മീറ്ററിനുള്ളിൽ നിലനിന്നിരുന്നതുകൊണ്ട്, ചില കൺഫ്യൂഷൻസ് അവിടെയുണ്ടായി. അത് സയന്റിഫിക്കായ ഒരു അറേഞ്ചുമെന്റായിരുന്നില്ല, അതുകൊണ്ട് പാലത്തിന്റെ അടുത്തുനിന്നും മുമ്പ് മണൽവാരലുണ്ടായി എന്നുള്ളത് മുമ്പ് ഒരു സത്യമാണ്. അതുകൊണ്ട് അത് നിരോധിക്കാൻവേണ്ടി കടവുകൾ മുഴുവൻ റീ-അറേഞ്ച് ചെയ്യുകയുണ്ടായി. ട്രാൻസ്പോർട്ടിംഗ് പോയിന്റ് എടുത്തുമാറ്റി. 500 മീറ്ററിനു പുറത്തേയ്ക്ക് ട്രാൻസ്പോർട്ടിംഗ് പോയിന്റുകൾ ഫിക്സ് ചെയ്തു. അതോടൊപ്പം കടവുകൾ മുഴുവൻ റീ-അലൈൻ ചെയ്യുകയുണ്ടായി. കടവുകൾ മുഴുവൻ റീ-അലൈൻ ചെയ്തപ്പോൾ ഒരു കടവിന്റെ പേര് 200 മീറ്റർ, അല്ലെങ്കിൽ 100 മീറ്റർ അല്ലെങ്കിൽ 50 മീറ്ററിനപ്പുറത്തേയ്ക്ക് മാറുമ്പോൾ അതിന് വേറെ പേരാകും. അല്ലെങ്കിൽ 200 മീറ്ററിനപ്പുറത്താണെങ്കിൽ പേരു മാറിയെന്നുവരും. അപ്പോൾ ഇത് ശരിയാണോ ? ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞത് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. കടവുകൾ റീ-അലൈൻ ചെയ്തപ്പോൾ, ട്രാൻസ്പോർട്ടിംഗ് പോയിന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

റീ-അലൈൻ ചെയ്തപ്പോൾ 500 മീറ്ററിനു പുറത്ത് കടവുകൾക്ക് പുതിയ അതിരുകളുണ്ടായി എന്നുള്ളതാണ് സത്യം. പുതിയ അതിരുകൾ വച്ചുകൊണ്ട് കടവുകൾ പുനർ നിർണ്ണയിച്ചു, ട്രാൻസ്പോർട്ടിംഗ് പോയിന്റുകൾ പുനർ നിർണ്ണയിച്ചു. അതിന്റെ ഫലമായി പഴയ കടവുകൾക്കു പകരം പുതിയ കടവുകൾ വന്നു എന്നുള്ളതാണ് എന്നെ സംബന്ധിച്ചിടത്തോളം സത്യം. അതുകൊണ്ട് ഞാനൊരു കാര്യം പറയട്ടെ, ഇവിടെ അനധികൃതമായി മണൽ കൊണ്ടു പോകുന്നത് കർശനമായി തടയുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ പെടാതെയൊക്കെ പല കാര്യങ്ങളും നടക്കുന്നുണ്ട്. ഏതായാലും അത് നിരോധിക്കുന്നതിനുവേണ്ടിയുള്ള പുതിയൊരു നടപടിക്രമത്തെപ്പറ്റി നിയമസഭയിൽ ഇതുസംബന്ധിച്ച ഡിമാന്റ് ചർച്ചയിൽ ഞാൻ പറയുകയുണ്ടായി. റൂൾ മാറ്റുകയാണ്. പഞ്ചായത്തുകൾ മണൽ വാരി കൂട്ടിയിടും, അത് ലേലം ചെയ്തു കൊടുക്കുന്ന ഒരു പുതിയ നടപടിക്രമത്തിലേക്ക് കടക്കുകയാണ്. അതോടുകൂടി എനിക്കു തോന്നുന്നത് വളരെയേറെ മാറ്റം ഈ രംഗത്തുണ്ടാക്കാൻ കഴിയുമെന്നുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ടി.എച്ച്. മുസ്തഫയ്ക്ക് ഞാൻ ഉറപ്പു നൽകുകയാണ്, അവിടെ അനധികൃത കടത്തുകൾ ഏതെങ്കിലുമുണ്ടെങ്കിൽ കോൺക്രീറ്റായി പറയുന്നുവെങ്കിൽ അതിന്റെ പേരിൽ നടപടിയെടുക്കാം. ഇന്നു രാവിലെപോലും ശ്രദ്ധക്ഷണിക്കലിനുള്ള നോട്ടീസ് കിട്ടിയതിനുശേഷവും ഞാൻ കാര്യമായി ജില്ലാ കളക്ടറുമായും അധികൃതരുമായും ചർച്ച ചെയ്തു. അനധികൃതമായിട്ടുള്ള 34 കടവുകൾ അടച്ചുപൂട്ടി. ഇപ്പോൾ അനധികൃത കടവുകളേയില്ല, ഇതാണ് സത്യം.

മി. സ്പീക്കർ : എന്തെങ്കിലും പ്രത്യേകമായുണ്ടെങ്കിൽ അത് അന്വേഷിക്കണം. പാലം അപകടത്തിലാണെന്നൊക്കെ പറയുന്നുണ്ട്.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ടി. എച്ച്. മുസ്തഫ പറയുന്ന ആ കാര്യം പരിശോധിക്കാം. അത് ഞാൻ ആദ്യമേ പറഞ്ഞതാണല്ലോ. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിക്കാം.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ബഹുമാനപ്പെട്ട മാണിസാറിന്റെ കഴിവിനെ ഞാൻ അങ്ങേയറ്റം അംഗീകരിക്കുന്നു. അദ്ദേഹം നല്ലൊരു ലോയറാണ്. ഏതു പരാജയപ്പെടുന്ന കേസും വാദിച്ചു ജയിപ്പിക്കാൻ കഴിവുള്ള ആളാണ്, ആ കഴിവിനെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ അദ്ദേഹം പറഞ്ഞതും യാഥാർത്ഥ്യവുമായി പുലബന്ധമില്ല. ഈ തെറ്റു മൂഴുവൻ ചെയ്ത കളക്ടർ എഴുതിക്കൊടുത്ത വാർത്തകളാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു, ഈ നിരോധിക്കപ്പെട്ട 34 കടവുകൾ, അതിന് സർവ്വേ നമ്പരുണ്ട്, സ്കെച്ചും പ്ലാനുമുണ്ട്. രണ്ടാമത് അനുവദിച്ചിട്ടുള്ള 19 കടവുകൾ അതേ ഉടമസ്ഥതയിലുള്ള, അതേ സർവ്വേ നമ്പരിലുള്ള നേരത്തേ വാരിക്കൊണ്ടിരുന്ന കടവുകൾ തന്നെയാണ് എന്ന് ഞാൻ വീണ്ടും പറയുന്നു. അന്വേഷണത്തിൽ ഇത് തെളിഞ്ഞില്ലെങ്കിൽ ഞാൻ എം.എൽ.എ. സ്ഥാനം രാജി വയ്ക്കാൻ തയ്യാറാണ്. ഞാനത് ബോദ്ധ്യപ്പെടുത്താം, ഇത് അന്വേഷിക്കാൻ തയ്യാറാണോ ? ഇത് അന്വേഷിക്കാൻ ഒരു ഉന്നതാധികാര സമിതിയെ ഈ ഗവൺമെന്റ് നിയമിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പർ ഇത്ര ഉത്തരവാദത്തോടുകൂടി പറയുന്നതുകൊണ്ട് ഞാൻ അതിനോട് യോജിക്കുകയാണ്. എനിക്ക് ജില്ലാ കളക്ടറിൽ നിന്നും കിട്ടുന്ന റിപ്പോർട്ടുകളാണ് ഞാനിവിടെ പറയുന്നത്. അല്ലാതെ ഞാൻ ഓരോ കടവിലും പോകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റി ഒറ്റകാര്യം ഞാൻ പറയുന്നു, ജില്ലാ കളക്ടറിൽ നിന്നും കിട്ടിയ റിപ്പോർട്ടനുസരിച്ച് കടവുകളെല്ലാം റീ-അലൈൻ ചെയ്തതിന്റെ ഫലമായിട്ടുള്ള മാറ്റങ്ങളല്ലാതെ കള്ളത്തരത്തിൽ കടവുകളിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. റവന്യൂ വകുപ്പ് സെക്രട്ടറിയെക്കൊണ്ട് പേഴ്സണലായി ഞാൻ ഈ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷിക്കാം.

IV സബ്മിഷൻ

(1) ഭരണ നവീകരണവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, എ.ഡി.ബി.യുടേയും ഡച്ച് ഗവൺമെന്റിന്റേയും വായ്പകൾ സംസ്ഥാന ഗവൺമെന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഈ സഭയിൽ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ ഭരണ നടപടി ക്രമങ്ങളിൽ, സോഷ്യൽ സ്ട്രക്ചറിൽ തന്നെ വളരെ അടിസ്ഥാനപരമായി മാറ്റം വരുത്തുന്ന വായ്പയ്ക്കുള്ള കരാറുകളിലാണ് ഗവൺമെന്റ് ഒപ്പു വച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഭരണ നവീകരണത്തിന് സാങ്കേതിക സഹായം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു ഏജൻസിയെ കണ്ടെത്താൻ, ഡച്ച് ഗവൺമെന്റ് അതിന്റെ ഭാഗമായി പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്ന സാഹചര്യത്തിൽ, അത് കേരളത്തിന്റെ സാമ്പത്തിക രംഗത്തെ അടിയറ വയ്ക്കുന്നതും സൗജന്യ വിദ്യാഭ്യാസം, സൗജന്യ ചികിൽസ എന്നിവയും നമ്മുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളുമൊക്കെ അവസാനിപ്പിക്കുന്നതും അല്ലെങ്കിൽ നിർത്തൽ ചെയ്യുന്നതുമായ നടപടിയിലേക്ക് പോവുകയാണ്. അതിനെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് അറിയണം. സംസ്ഥാന താൽപ്പര്യങ്ങൾക്കെതിരായ അത്തരം നടപടിക്രമങ്ങളെല്ലാം പിൻവലിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷനിലുള്ള അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കേരള ഗവൺമെന്റ് നടപ്പാക്കുന്ന എം.ജി.പി.യുടെ നടത്തിപ്പിനാവശ്യമായി വരുന്ന വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നത് ഡച്ച് ഗവൺമെന്റാണ്. വിദഗ്ദ്ധരെക്കൊണ്ട് ഇത് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ടി Procurement Service Provider എന്ന സേവന ഏജൻസിക്കുവേണ്ടിയാണ് ഡച്ച് ഗവൺമെന്റ് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശാനുസരണമാണ് പ്രസ്തുത ഏജൻസി എം.ജി.പി.യുടെ നടത്തിപ്പിനാവശ്യമായ വിദഗ്ദ്ധരെ ലഭ്യമാക്കുന്നത്. പ്രസ്തുത ഏജൻസിക്കും വിദഗ്ദ്ധ സേവനത്തിനും വേണ്ടി വരുന്ന ചെലവുകൾ മുഴുവൻ ഡച്ച് ഗവൺമെന്റിൽ നിന്നുമുള്ള തിരിച്ചടയ്ക്കേണ്ടതില്ലാത്ത ധനസഹായമാണ്.

LIBRARY ARCHIVES Kerala Legislative Assembly